കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461 Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 15.02.2018

**സംസ്ഥാനത്ത് ആദ്യമായി അനൗപചാരിക വിദ്യാഭ്യാസത്തിന് കരിക്കുലം തയാറാകുന്നു**

# വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ആശയ ഉത്പാദനമാകണം: മന്ത്രി

തിരുവനന്തപുരം: ഗവേഷണം അധിഷ്ഠിതമാക്കിയുള്ള ആശയ ഉത്പാദനത്തിന് അടിത്തറയിടാൻ പാകത്തിൽ അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ കരിക്കുലം രൂപപ്പെടുത്തുമെന്ന് വിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ്. അതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടന്ന അനൗപചാരിക വിദ്യാഭ്യാസ കരിക്കുലം നിർമ്മാണത്തിനായുള്ള ശില്പശാല മന്ത്രി ഉദ്ഘാടനം ചെയ്തു.

സർക്കാരിന്റെ പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ആത്യന്തിക ലക്ഷ്യം ആശയോത്പാദനം തന്നെയാണ്. സാമൂഹിക അധികാരഘടനയെ മാറ്റുന്ന ചിന്തകൾ ഉത്പാദിപ്പിക്കാൻ വിദ്യാഭ്യാസത്തിനു കഴിയണം.

സമൂഹം മുന്നോട്ടുപോകാൻ പുതിയ ആശയം മനുഷ്യരിൽ ഉണ്ടാകണം. ഗവേഷണതത്പരത ഉത്പാദിപ്പിക്കപ്പെടണം. യൂറോപ്യൻ നവോത്ഥാന കാലഘട്ടം ഓർമിപ്പിക്കുന്നത് അതാണ്. മനസ്സുകളെ വിവിധ സാംസ്കാരിക തലങ്ങളിലേക്ക് നയിക്കാൻ ഉതകുന്ന തരത്തിലാകണം കരിക്കുലം രൂപപ്പെടുത്തേണ്ടത്. പ്രാദേശിക അറിവുകൾക്ക് പ്രാധാന്യം നൽകുന്നതും ജീവിതവുമായി ബന്ധമുള്ളതും സമൂഹത്തിന്റെ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതുമാവണം അനൗപചാരിക വിദ്യാഭ്യാസം. ഭാഷ, ആസ്വാധനം, സാങ്കേതികവിദ്യ, വിവരവിനിമയം തുടങ്ങി വിവിധ മേഖലകളുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകൾ പുതിയ കരിക്കുലം അനുസരിച്ച് ആരംഭിക്കണം. കരിക്കുലത്തിലെ മാർഗനിർദേശങ്ങൾ അനുസരിച്ച് തുല്യതാ പാഠപുസ്തകങ്ങൾ പരിഷ്കരിക്കണം. ഔപചാരിക- അനൗപചാരിക വിദ്യാഭ്യാസം ഒരു പൊതുധാരയിൽ ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുകയെന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു. അനൗപചാരിക വിദ്യാഭ്യാസ കരിക്കു

ലം സമീപനരേഖയുടെ കരട് സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല അവതരിപ്പിച്ചു.

തുടർന്ന് പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടർ എ.ഷാജഹാന്റെ നേതൃത്വത്തിൽ കരട് സമീപനരേഖയിൽ നടന്ന ചർച്ചയിൽ ആസൂത്രണബോർഡ് അംഗം ഡോ.ബി.ഇക്ബാൽ, കേരള മഹിള സമഖ്യ സൊസൈറ്റി ഡയറക്ടർ പി.ഇ.ഉഷ, എസ്.സി.ഇ.ആർ.ടി റിസർച്ച് ഓഫീസർ വിനീഷ് ടി.വി, ടി.എം.ജെ.എം ഗവ.കോളജ് പ്രിൻസിപ്പൽ എൻ.ഷാജി, പാലോട് രവി, ഡോ.കെ.മുഹമ്മദലി, ഡോ.രാമകൃഷ്ണൻ, എസ്.ഐ.ഇ.ടി ഡയറക്ടർ അബുരാജ്, യൂണി.കോളജ് അസി.പ്രൊഫസർ അസ്ക്കർ, ഹരിതകേരളം മിഷൻ കൻസൽറ്റന്റ് എൻ.ജഗജീവൻ, ഡോ.വിൻസന്റ് പി.ജെ, ആനന്ദി ടി.കെ, ബാബു എബ്രഹാം, തുടങ്ങിയവർ പങ്കെടുത്തു.

ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തിയാകും കരിക്കുലത്തിന് അന്തിമരൂപം നൽകുക.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

## ഫോട്ടോ ക്യാപ്ഷൻ

## സാക്ഷരതാമിഷന്റെ അനൗപചാരിക വിദ്യാഭ്യാസ കരിക്കുലം നിർമ്മാണത്തിനായുള്ള ശില്പാശാല വിദ്യാഭ്യാസവകുപ്പ് മന്ത്രി സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർ ഡോ.പി.എസ്.ശ്രീകല സമീപം